## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1667 — 05.02.2019-ൽ മറുപടിക്ക്

### തിരുവനന്തപുരം കോർപ്പറേഷന്റെ പരസ്യനികുതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. വിൻസെന്റ് | ശ്രീ. എ.സി.മൊയ്തീൻ (തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) തിരുവനന്തപുരം കോർപ്പറേഷന്റെ പരിധിയിൽ പരസ്യനികുതി പിരിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നും ഇതിനായി ഏതെങ്കിലും സ്വകാര്യ ഏജൻസിയെ കോർപ്പറേഷൻ നിയോഗിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ; | എ) തിരുവനന്തപുരം നഗരസഭ പരസ്യ നികുതി ഈടാക്കുന്നില്ല എന്നാൽ തിരുവനന്തപുരം നഗരസഭാ പരിധിക്കുള്ളിൽ സ്ഥാപിക്കുന്ന താൽക്കാലിക പരസ്യങ്ങളുടെ അനുമതി ഫീസ് മാത്രമാണ് ഈടാക്കുന്നത്. ടി അനുമതി ഫീസ് പിരിക്കുന്നതിന് 2018-19 കാലയളവിലേക്ക് Racks Media Concept എന്ന സ്വകാര്യ ഏജൻസിയെ 2018-19-ലെ കൗൺസിൽ തീരുമാനം 3(എ)6 പ്രകാരം ചുമതലയേൽപ്പിച്ചിട്ടുണ്ട് |
| ബി) പ്രസ്തുത സ്വകാര്യ കമ്പനി, കോർപ്പറേഷൻ നിശ്ചയിച്ച നിരക്ക് മാത്രമേ പരസ്യബോർഡുകൾ സ്ഥാപിക്കുന്നവരിൽ നിന്നും ഈടാക്കുന്നുള്ളു എന്ന് ഉറപ്പ് വരുത്തുവാൻ സംവിധാനമുണ്ടോ; | ബി) ഉണ്ട്. |
| സി) പരസ്യ നികുതി നൽകുന്നതിൽ നിന്നും ഏതെങ്കിലും വിഭാഗത്തെ ഒഴിവാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ വിഭാഗത്തെ; വിശദാംശം നൽകുമോ; | സി) പരസ്യ നികുതി ഈടാക്കുന്നില്ല. പരസ്യ ബോർഡ് സ്ഥാപിക്കുന്നതിന്റെ അനുമതി ഫീ ഈടാക്കുന്നതിൽ നിന്നും ആരെയും ഒഴിവാക്കിയിട്ടില്ല. |
| ഡി) പരസ്യ നികുതിയിനത്തിൽ 2018-ൽ തിരുവനന്തപുരം കോർപ്പറേഷന് എന്ത് തുകയാണ് ലഭിച്ചത്? | ഡി) പരസ്യ നികുതിയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല എന്നാൽ പരസ്യ ബോർഡുകളുടെ അനുമതി ഫീസിനത്തിൽ 1,30,39,410/- രൂപ ലഭിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ